വനപ്രദേശങ്ങളിൽ വിദേശ ജനുസുകൾ വളർത്തുന്നതിനെ കുറിച്ചുള്ള പഠനം

* 5. [202] ശ്രീ. ബി. രാഘവൻ :
,, എം. സത്യനേശൻ :
,, കെ. ജെ. തോമസ് :
,, എ. കെ. പത്മനാഭൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ ജനുസുകൾ സ്വാഭാവിക വനപ്രദേശങ്ങളിൽ വളർത്തുന്നതിന്റെ അനന്തരഫലങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) അക്കേഷ്യ നമ്മുടെ നാടിന് ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നതാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ സ്പീഷീസുകൾക്ക് പകരം തദ്ദേശീയ സ്പീഷീസുകൾ കണ്ടുപിടിച്ച് നട്ടുവളർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. എൻ. എം. ജോസഫ്) : (എ) പീച്ചിയിലുള്ള കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇതിനെക്കുറിച്ച് പഠനം നടത്തിവരികയാണ്.

(ബി) ഇല്ല.

(സി) അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ വൃക്ഷങ്ങളുടെ വിതരണം നന്നേ കുറച്ചിട്ടുണ്ട്. നാടൻ വൃക്ഷത്തൈകളുടെ വിതരണത്തിനാണ് ഇപ്പോൾ പ്രാധാന്യം നൽകിവരുന്നത്.

ശ്രീ. ബി. രാഘവൻ : ഇപ്പോൾ പഠനം നടത്തുകയുണ്ടായിയെന്നു പറഞ്ഞു. ആ പഠന റിപ്പോർട്ട് വെളിപ്പെടുത്താൻ തയ്യാറാകുമോ ?

ശ്രീ. എൻ. എം. ജോസഫ് : ആ പഠനം നടക്കുന്നതേയുള്ളൂ. ആ റിപ്പോർട്ട് കിട്ടിയിട്ടില്ല.

ശ്രീ. ബി. രാഘവൻ : വനപ്രദേശങ്ങളിൽ തേക്ക്, ഈട്ടി എന്നിവയ്ക്ക് വംശനാശം വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി വനപ്രദേശങ്ങളിൽ അക്കേഷ്യയും മറ്റും വച്ചുപിടിപ്പിക്കുന്നു. ഇതിനുപകരം തേക്കും ഈട്ടിയും വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. എം. ജോസഫ് : തേക്ക്, ഈട്ടി മുതലായ മരങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. പക്ഷേ ഈട്ടി വച്ചുപിടിപ്പിക്കുന്നത് വിജയകരമാണെന്ന് ഇതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഇനി അന്യം നിന്നുപോകുന്ന വനങ്ങൾ സംരക്ഷിക്കാൻ വേണ്ടി പ്രോജക്ട് ഓഫ് റോസ് വുഡ് എന്നൊരു പദ്ധതി ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം. സത്യനേശൻ : അക്കേഷ്യ മുതലായ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന്റെ ഫലമായി പരിസ്ഥിതിക്ക് ദോഷം വരുന്നതായി വ്യാപകമായി പരാതി വളർന്നുവന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കേഷ്യ വച്ചുപിടിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എം. ജോസഫ്: ഇതുസംബന്ധമായ പഠനം കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്നതേയുള്ളു. ചില വിമർശനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ പഠനത്തിനു വേണ്ട നിർദ്ദേശം നൽകിയിട്ടുള്ളത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : അക്കേഷ്യയും യൂക്കാലിപ്റ്റസും നട്ടുപിടിപ്പിച്ചിരിക്കുന്ന പ്രദേശങ്ങളിൽ അതുവെട്ടിമാറ്റി അവിടെ കശുമാവ് വച്ചുപിടിപ്പിച്ച് തോട്ടണ്ടി ഉൽപ്പാദിപ്പിക്കാനുള്ള നടപടി കാര്യക്ഷമമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ. അങ്ങനെയെങ്കിൽ ഭരതന്നൂർ മുതൽ പെരിങ്ങമ്മല വരെയുള്ള റോഡിന്റെ രണ്ട് ഭാഗവും ഒഴിഞ്ഞു കിടക്കുകയാണ്. അത് അവിടെ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. എം. ജോസഫ് : ആ പ്രദേശത്തെക്കുറിച്ച് പഠിക്കാതെ ഉത്തരം നൽകാൻ സാദ്ധ്യമല്ല. പക്ഷേ ഇന്ന് അക്കേഷ്യ സോഷ്യൽ ഫോറസ്ട്രിയിൽ നിന്ന് വിതരണം ചെയ്യുന്നേയില്ല. പകരം കശുമാവ്, മാവ്, പ്ലാവ് മുതലായ നാടൻ മരങ്ങൾ വിതരണം ചെയ്യുകയും റോഡിന്റെ സൈഡിൽ പുതുതായി വച്ചുപിടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. കെ. തോമസ് : വെള്ളൂർ ന്യൂസ്പ്രിന്റ് പ്രോജക്ടിന് റാ-മെറ്റീരിയൽസ് കൊടുക്കുന്ന പീരുമേട് ഗ്രാസ് ലാന്റ് പ്ലാന്റിംഗ് നിർത്തിവച്ചിരിക്കുകയാണ്. അത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. എം. ജോസഫ് : സർ, അതിന് ഈ ചോദ്യവുമായി യാതൊരു ബന്ധവുമില്ല.

വന്യ ജീവികളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള നടപടികൾ

* 6. [203] ശ്രീ. സുന്ദരം മാണിക്യം :
,, പി. സി. തോമസ് :
,, സി. ടി. കൃഷ്ണൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വന്യജീവികളുടെ സംരക്ഷണത്തിനുവേണ്ടി സർക്കാർ എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ് ;

(ബി) കേരളത്തിൽ ഇപ്പോഴുള്ള വന്യജീവി സംരക്ഷണകേന്ദ്രങ്ങളും പക്ഷിസങ്കേതങ്ങളും ഏതെല്ലാമാണെന്നും പ്രധാന വന്യജീവികൾ ഏതെല്ലാം വനപ്രദേശങ്ങളിൽ എത്ര വീതമുണ്ടെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. എൻ. എം. ജോസഫ്) :

(എ) ഉണ്ട്. വന്യജീവി സംരക്ഷണത്തിനുവേണ്ടി 1985 മാർച്ച് മാസം മുതൽ ഒരു പ്രത്യേക ചീഫ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ഒരു വന്യജീവി വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. കേരളത്തിലെ റിസർവ്വ് വനങ്ങൾക്കുള്ളിൽ പന്ത്രണ്ട് വന്യജീവി സങ്കേതങ്ങളും രണ്ട് ദേശീയോദ്യാനങ്ങളും വേർതിരിച്ച് സംരക്ഷിച്ചുവരുന്നു. വന്യജീവി സങ്കേതങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly